നം. DDDKER/578/2024-ES1(1)

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:29-08-2024

**സർക്കുലർ നം.43/2024**

വിഷയം:- ക്ഷീര വികസന വകുപ്പ് –ജീവനക്കാര്യം-ക്ഷീര വികസന വകുപ്പ്-ജീവനക്കാര്യം- കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ നിയമിതരാകുന്ന ജീവനക്കാർ നിശ്ചിത കാലയളവിലേയ്ക്ക് പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നത് - നിർദ്ദേശം പാലിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1) 22.11.2021 തീയതിയിലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ( എ ആർ 14) വകുപ്പിൽ നിന്നുള്ള 14.03.2022 ലെ എ ആർ 14(1)-6/2022/ഉഭപവ നമ്പർ സർക്കുലർ

ഓരോ വകുപ്പിൽ നിന്നും കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരിൽ നിന്നും പദ്ധതി നിർവ്വഹണത്തിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഓരോ പ്രോജക്ടിന്റെയും ആവശ്യകതയെ അടിസ്ഥാനമാക്കി, ടി ജീവനക്കാർ നിശ്ചിത കാലയളവിലേയ്ക്ക് ജോലിയിൽ തുടരണം എന്ന നിർദ്ദേശം ഉൾക്കൊള്ളിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകി സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിരിക്കുന്നു.

സൂചന (2) നിർദ്ദേശം പരിഗണിച്ച് കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ടി ജില്ലകളുടെ വികസന പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുന്നതിനും അവ വിജയകരമായി പൂർത്തിയാക്കുന്നതുവരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജില്ലയിൽ തുടരേണ്ടതുണ്ടെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ ജില്ലകളിൽ നിയമിക്കപ്പെടുന്ന വകുപ്പിലെ ക്ഷീര വികസന ഓഫീസർ, ഡെയറി ഫാം ഇൻസ്ട്രക്ടർമാർ

എന്നിവർ ടി ഓഫീസുകളിൽ ചുരുങ്ങിയത് ഒരു വർഷമെങ്കിലും നിർബന്ധമായും സേവനം അനുഷ്ഠിക്കേണ്ടതാണ്. ഒരു വർഷ സേവനം പൂർത്തിയായിട്ടുണ്ടെങ്കിലും വകുപ്പിലെ പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ആയതിനാൽ ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസവും ടി ഉദ്യോഗസ്ഥർ അതാത് ഓഫീസുകളിൽ തുടരേണ്ടതാണ്. ഇപ്രകാരം സേവനമനുഷ്ഠിക്കാത്തവരെ മതിയായ രേഖകൾ സഹിതം സമർപ്പിക്കുന്ന അനുകമ്പാർഹമായ അപേക്ഷകളിന്മേലല്ലാതെ (പരിശോധനകൾക്ക് വിധേയമായി) സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതല്ല.

Signed by
Asif K Yusuf
Date: 29-08-2024 18:20:27

**ഡയറക്ടർ**

വകുപ്പിലെ എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്കും ( മേലധികാരികൾ മുഖേന)

പകർപ്പ്:-

1) ക്ഷീര വികസന വകുപ്പ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)

2) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർക്കും ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും

3) ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ

4) അസിസ്റ്റന്റ് ഡയറക്ടർ, ആർ ഡി എൽ, കോട്ടയം

5) സൂപ്രണ്ട് ഇ,ഇഎസ് സെക്ഷനുകൾ

6) ഡെയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ

7) ഇ1,ഇഎസ്2 സീറ്റുകൾ